**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5918** **16-03-2023 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകളിൽ 2022 -23 -ൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.**<br><br>**1. അതിദാരിദ്ര്യ സർവ്വേ**<br>**2. ഇ-ഗ്രാംസ്വരാജ്**<br>**3. 14-ാം പഞ്ചവത്സരപദ്ധതി**<br>**4. വാതിൽപ്പടി സേവന പദ്ധതി**<br>**5. ILGMS ട്രെയിനിംഗ്**<br>**6. Computer Fundamentals**<br>**7. സുസ്ഥിര വികസന ലക്ഷ്യങ്ങൾ**<br><br>**8. വനിതാ ജനപ്രതിനിധികൾക്ക് കാര്യശേഷി വികസന പദ്ധതി കൂടാതെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് പഠനയാത്രയും RGSA പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള "ഡിജി പുല്ലമ്പാറ" എന്ന പദ്ധതിയുടെ ഡോക്യുമെന്റേഷൻ പ്രവർത്തനത്തിനും RGSA പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ജില്ലാതല നിർവ്വഹണത്തിനും മോണിട്ടറിംഗിനുമായി ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും ജില്ലാ പ്രോജക്ട് മാനേജർ & സ്പെഷ്യലിസ്റ്റ് (MIS), കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് എക്സ്പെർട്ട് എന്ന്** | 

| | | | |
|---|---|---|---|
| | | | **തസ്തികളിൽ ജീവനക്കാരെ കരാ അടിസ്ഥാനത്തിൽ നിയമിക്കുകയു ചെയ്തിട്ടുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്ത പ്രദേശത്തെ മുഴുവ ഗ്രാമപഞ്ചായത്തുകളുടേയും വകുപ്പുതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ പഞ്ചായത്തീരാജ് സംവിധാനത്തെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലു ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.** |
| (ബി) | ഈ പദ്ധതി പ്രകാരം അരുവിക്കര നിയമസഭാ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള നാളിതുവരെയുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ? | (ബി) | രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതി പ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.<br>1. അതിദാരിദ്ര്യ സർവ്വേ<br>2. ഇ-ഗ്രാംസ്വരാജ്<br>3. 14-ാം പഞ്ചവത്സര പദ്ധതി<br>4. വാതിൽപ്പടി സേവന പദ്ധതി<br>5. ILGMS ട്രെയിനിംഗ്<br>6. Computer Fundamentals<br>7. സുസ്ഥിര വികസന ലക്ഷ്യങ്ങൾ<br>8. വനിതാ ജനപ്രതിനിധികൾക്ക് കാര്യശേഷി വികസന പദ്ധതി<br>അരുവിക്കര നിയോജകമണ്ഡലത്തിലെ എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>അരുവിക്കര നിയോജകമണ്ഡലത്തിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിന് 2021-22 വർഷം ഓഫീസ് കെട്ടിടം പുനരുദ്ധാരണത്തിനായി RGSA പദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ